**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5029** **04-07-2024 - ൽ മറുപടിയ്ക്ക്**

**ആക്കുളം ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗ്ലാസ് ബ്രിഡ്ജ്, ഫ്ലോട്ടിങ് ബ്രിഡ്ജ് പോലെ വ്യത്യസ്തമായ നിർമ്മിതികൾ സർക്കാർ സ്ഥലങ്ങളിൽ നിർമ്മിക്കുന്നതിന് പൊതുവായ സുരക്ഷാ മാനദണ്ഡങ്ങൾ തയാറാക്കിയിട്ടുണ്ടോ; ഇതിന്റെ സുരക്ഷാപരിശോധന നടത്താൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സാഹസിക ടൂറിസം പദ്ധതികൾക്ക് പൊതു സുരക്ഷാ മാനദണ്ഡം തയ്യാറാക്കിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഭാഗമായി നിർമ്മിച്ച ഗ്ലാസ്സ് ബ്രിഡ്ജുകളുടെയും ഫ്ലോട്ടിംഗ് ബ്രിഡ്ജുകളുടെയും പൊതുവായ സുരക്ഷാ പരിശോധന എൻ.ഐ.ടി മുഖേന നടത്തിവരുന്നുണ്ട്. 30/05/2024 ലെ ഡയറക്ടറുടെ ഉത്തരവ് പ്രകാരം അനുബന്ധ സ്ഥാപനങ്ങൾ മുഖേന നടന്നുവരുന്ന എല്ലായിനം സാഹസിക ടൂറിസം ആക്ടിവിറ്റികളുടെയും സുരക്ഷ ഉറപ്പ വരുത്തേണ്ട ചുമതല KATPS ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിനെ ഏൽപ്പിച്ചിട്ടുണ്ട്. |
| (ബി) | ആക്കുളം പാർക്കിന്റെ ചുമതല ഏത് സൊസൈറ്റിക്കാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ; ഇതിന്റെ കരാറും നടപടിക്രമങ്ങളും വിശദീകരിക്കാമോ; | (ബി) | ആക്കുളം പാർക്കിന്റെ പരിപാലനം ഡിറ്റി.പി.സി നേരിട്ടാണ് നടത്തുന്നത്. |
| (സി) | ആക്കുളത്ത് ഗ്ലാസ് ബ്രിഡ്ജ് നിർമ്മണത്തിന്റെ ടെൻഡർ നടപടിക്രമങ്ങൾ വിശദമാക്കുമോ; കരാറുകാരന്റെ ഇക്കാര്യത്തിലുള്ള മുൻപരിചയം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; പ്രസ്തുത കരാറുകാരന് പൊതുമരാമത്ത് വകുപ്പിന്റെ രജിസ്ട്രേഷനുണ്ടോ; വിശദമാക്കുമോ; | (സി) | ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് ടെൻഡർ ലഭിക്കുന്ന വ്യക്തി/ സ്ഥാപനം സ്വന്തം ചെലവിൽ നിർമ്മാണ പ്രവർത്തനം നടത്തണം എന്നായിരുന്നു ടെൻഡർ വ്യവസ്ഥ. QCBS രീതിയിലാണ് ഏജൻസിയെ തിരഞ്ഞെടുത്തത്.<br><br>തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ടെൻഡർ ക്ഷണിച്ചിരുന്നത്.<br><br>പദ്ധതി നടപ്പിലാക്കാൻ സാങ്കേതിക ജ്ഞാനവും സാമ്പത്തിക ഭദ്രതയുമാണ് ഡിറ്റിപിസി വ്യവസ്ഥ ചെയ്തിരുന്നത്. അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ അംഗീകാരം, കരാർ ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസിയായിരിക്കണം, സാഹസിക ടൂറിസം മേഖലയിൽ ഒരു വർഷത്തെ മുൻപരിചയം എന്നിവയായിരുന്നു മാനദണ്ഡങ്ങൾ. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ബ്രിഡ്ജ് തകർന്ന സംഭവത്തിൽ പാർക്കിലെ ഏതെങ്കിലും ജീവനക്കാർക്ക് എതിരെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലോ ബന്ധപ്പെട്ട സൊസൈറ്റിയോ നടപടി സ്വീകരിച്ചിട്ടുണ്ടോ; ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കി ബ്രിഡ്ജ് തുറക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയതായി ടെൻഡർ ലഭിച്ച സ്ഥാപനം ഇതുവരെ അറിയിച്ചിട്ടില്ല. ഡിറ്റിപിസിയ്ക്ക് കൈമാറി കിട്ടിയിട്ടില്ലാത്തതിനാൽ തന്നെ ഡിറ്റിപിസിയ്ക്കോ/ വകുപ്പിനോ നടപടി സ്വീകരിക്കേണ്ടതായി വന്നിട്ടില്ല. എല്ലാ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗീകാരം കൂടി ലഭിച്ചതിനു ശേഷം മാത്രമെ പാലത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ. ഗ്ലാസ് ബ്രിഡ്ജിന്റെ structural stability പരിശോധന NIT നടത്തിയിട്ടുണ്ട്. ഇതിന് ഉപയോഗിച്ച ഗ്ലാസിന്റെ stability പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ